Reg. No. : ....................................

Name : .......................................

**Code No. 9037**

**Second Year – March 2018**

Time : $2\frac{1}{2}$ Hours
Cool-off time : 15 Minutes

Part – III

# മലയാളം

## (MALAYALAM)

## (Optional)

Maximum : 80 Scores

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ* :

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(സ്കോർസ് : 5 × 2 = 10)**

1. ആദ്യകാല ഗദ്യത്തിന്റെ സവിശേഷതയായി വരുന്ന പ്രസ്താവനകൾ എടുത്തെഴുതുക.
   - ആദ്യകാല മലയാള ഗദ്യത്തിൽ തമിഴ് പ്രയോഗങ്ങൾ കൂടുതലായിരുന്നെങ്കിൽ പില്ക്കാലത്ത് മലയാള പ്രയോഗങ്ങൾ ഏറി വന്നു.
   - ആദ്യകാലത്തും പില്ക്കാലത്തും മലയാള ഗദ്യത്തിൽ തമിഴ് പ്രയോഗങ്ങൾ വളരെ കൂടുതൽ ആയിരുന്നു.
   - കാര്യങ്ങൾ ചുരുക്കിപ്പറയാനും കാര്യങ്ങൾ മാത്രം പറയാനും വൈഭവമുള്ള ഒരു ഗദ്യശൈലി പണ്ട് ഉണ്ടായിരുന്നു.

2. "ഉണ്ണിയെപ്പോരിൽ വഞ്ചിച്ചു
കൊന്നതായിഹ കേൾക്കയാൽ
അന്തർബാഷ്പാക്ഷമായ് വീണ്ടു-
മന്ധമായന്ധമെന്മുഖം"

(ഊരുഭംഗം)

ധൃതരാഷ്ട്രർ കേട്ട വഞ്ചനയെന്ത് ?

3. ഏതു രംഗകലയ്ക്കും അതാതിന്റെ ജന്മദേശത്തെ അധിവസിക്കുന്ന മനുഷ്യരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ജീവിതത്തോട് ഉറ്റബന്ധം ഉണ്ടാവാൻ കാരണം എന്താണ് എന്ന് എടുത്തെഴുതുക.

- മറ്റു ദേശത്തിലെ രംഗകലയെ അനുകരിക്കുന്നതുകൊണ്ട്.
- രംഗകലകൾ എല്ലാം വഴിപാടുതുള്ളലിൽ-റിച്വലിൽ - നിന്നു ജനിച്ചതുകൊണ്ട്.
- രംഗകലകൾക്ക് ജീവിതവുമായി ബന്ധമില്ലാത്തതുകൊണ്ട്.

4. "ആ രഹസ്യവുംകൊണ്ട് വേലാണ്ടി കടന്നുകളഞ്ഞു."

(പഞ്ചവർണ്ണക്കിളി)

– ഇവിടെ രഹസ്യം എന്ന് ഉദ്ദേശിക്കുന്നതെന്താണ് ?

5. "ചെന്തീനിറം ചേർന്നൊരു പട്ടുവസ്ത്രം
ചാർത്തുന്നിതാ മേദിനിയാം വധൂടി"

– പ്രഭാതവുമായി ബന്ധപ്പെട്ട എന്ത് ആശയമാണ് ഈ വരികളിൽ വെളിപ്പെടുന്നത് ?

6. "പേരിൽ മാത്രമേ അയാൾക്കു സൗന്ദര്യമുള്ളൂവെന്നും അയാൾ ഒരു മാനസികരോഗിയാണെന്നും അവൾ വിചാരിച്ചു."

(വെബ്സൈറ്റ്)

– സ്മിത ഇങ്ങനെ വിചാരിക്കുന്നതിന്റെ കാരണം പറയുക.

**7 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക. 4 സ്കോർ വീതം.** **(സ്കോർസ് : 6 × 4 = 24)**

7. "ഉദയഗിരി ചുവന്നു, ഭാനുബിംബം വിളങ്ങി,
നാളിനമുകുളജാലേ മന്ദഹാസം തുടങ്ങി."

(കോട്ടയത്തു തമ്പുരാൻ)

"പൂർവാശയാം മങ്ക മുഖം തെളിച്ചു
പൂന്തേന്മൊഴും പുഞ്ചിരിതൂകിടുന്നു."

(സിസ്റ്റർ മേരി ബനീഞ്ഞ)

– ഈ പ്രഭാത വർണ്ണനകൾ താരതമ്യം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

8. 'മധുരിക്കും ഓർമകളേ' എന്ന ഗാനത്തിലൂടെ ബാല്യകാലാനുഭവത്തെ അനുഭൂതിയാക്കി അവതരിപ്പിച്ചിരിക്കുകയാണ് കവി. നിങ്ങളുടെ പ്രതികരണങ്ങൾ അവതരിപ്പിക്കുക.

9. 'ഒരുകൂട്ടം ഉറുമ്പുകൾ' എന്ന നാടകത്തിൽ 'വല വിരിച്ചിരിക്കുന്ന ചിലന്തി'ക്ക് ഒരു പ്രതീകമെന്ന നിലയിലുള്ള പ്രാധാന്യം വിശകലനം ചെയ്യുക.

10. ചന്തുമേനോൻ തന്റെ കഥാപാത്രമായ മാധവനിലൂടെ ആധുനികനായ ഒരു പരിഷ്കൃത മനുഷ്യന്റെ മാതൃക അവതരിപ്പിക്കുകയാണോ ചെയ്യുന്നത് ? – വ്യക്തമാക്കുക.

11. “പൂങ്കുന്നത്തെ തൊഴുത്തിനു പിറകിലെ ചാണകക്കുഴിയുടെ വക്കത്തെന്നോ ഉപേക്ഷിക്കപ്പെട്ട ഒരു തേഞ്ഞ തൂമ്പയല്ല താനെന്ന് സ്വയം ബോധ്യപ്പെടുത്തി.”

– കുങ്കന്റെ ഈ ചിന്തയിൽ അയാളുടെ ഭൂതകാലം എത്രമാത്രം പ്രതിഫലിക്കുന്നുണ്ട് ? വിശദമാക്കുക.

12. “ഒതുക്കമേറും ഗുഹകൾക്കകത്ത-
ങ്ങൊളിച്ചിടുന്നുണ്ടിരുളല്ലലെന്യേ
ഒട്ടും വികാസം ഭവിയാത്ത ചിത്തേ-
യൊതുങ്ങിമൗഢ്യം നിവസിച്ചിടുംപോൽ.

(വിഭാതവിഭൂതി)

-ഇരുട്ടിനെ മൗഢ്യത്തോട് സാദൃശ്യപ്പെടുത്തി അവതരിപ്പിച്ചിരിക്കുന്നതിന്റെ ഔചിത്യം വിശദമാക്കുക.

13. “പലപ്പോഴും ഒന്നു പറയുകയും മറ്റൊന്നു സൂചിപ്പിക്കുകയും ചെയ്യുന്ന രീതിയാണ് പരസ്യങ്ങളുടേത്.”

– ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

**14 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക. 6 സ്കോർ വീതം. (സ്കോർസ് : 4 × 6 = 24)**

14. ഉപഗുപ്തന്റെ വ്യക്തിത്വത്തിലെ എന്തെല്ലാം സവിശേഷതകളാണ് പരമോദാരൻ, ജ്ഞാനധീരൻ, ഹൃദയാലു, ഹേതുദർശി, ഗളിതഗർവൻ, ശുചിവ്രതൻ തുടങ്ങിയ വിശേഷണങ്ങൾകൊണ്ട് അവതരിപ്പിക്കുന്നത് ?

– പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

15. “ഒരു കാര്യം പറയുകയും എന്നാൽ ആ കാര്യത്തിന് തീർത്തും എതിരായ അർത്ഥം ലഭിക്കുകയും ചെയ്യുന്നതാണ് വിരുദ്ധോക്തി (irony).”

– ഈ സങ്കേതമാണ് ‘പ്രഥമ സായാഹ്നം’ എന്ന നോവൽ ഭാഗത്തെ ആസ്വാദ്യമാക്കുന്നത്. നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

16. ‘അപ്പുക്കിളി എന്ന കഥാപാത്ര സൃഷ്ടിയിൽ അനുഭവത്തിനും ആത്മാംശത്തിനും സങ്കല്പത്തിനും വലിയ പങ്കുണ്ട്.’ – വിശകലനം ചെയ്ത് ലഘൂപന്യാസം എഴുതുക.

17. ഗ്രാമീണരുടെ ജീവിതം, ഭാഷ, അവരുടെ ആദർശം എന്നിവയെ സംബന്ധിച്ച് വേർദ്സ്‌വർത്തിന്റെ നിലപാട് യുക്തിഭദ്രമാണോ ? നിഗമനങ്ങൾ അവതരിപ്പിക്കുക.

18. ‘വെബ്സൈറ്റ്’ എന്ന കഥയിലെ കഥാപാത്രങ്ങളായ സ്മിത, വിനോദ് എന്നിവരുടെ സ്വഭാവ സവിശേഷതകൾ താരതമ്യം ചെയ്ത് നിരൂപണം തയ്യാറാക്കുക.

**തന്നിരിക്കുന്ന കവിത വായിച്ച് അതിനു താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 2 സ്കോർ വീതം.** **(സ്കോർസ് : 3 × 2 = 6)**

തെക്കുപുറത്തെ മുരിങ്ങമരം
എനിക്കു നല്ല ഓർമ്മയുണ്ട്.
അതിന്റെ ഇലകളുടെ പച്ചപ്പ്
പിന്നെ ഞാൻ കണ്ടത് കാശിയിൽ
ഗംഗയുടെ നെയ്ത്തുകാർ അവ
പട്ടാക്കി മുന്നിലേക്കിട്ടു തന്നു.

മുരിങ്ങയിൽ പൂക്കൾ പെരുകുമ്പോൾ
ഞാൻ മാനത്തേക്കു നോക്കും,
നക്ഷത്രങ്ങൾ അവിടെത്തന്നെയുണ്ടോ
എന്നറിയാൻ,
പിന്നെ ഓരോ നാളും നീണ്ടു വരുന്ന
ആ പച്ച വിരലുകൾ
ഒരു ദിവസം അരിവാൾതോട്ടിയിൽ കുരുങ്ങി
തങ്ങൾ ചൂണ്ടിക്കൊണ്ടിരുന്ന അതേ
ഭൂമിയിലേക്കു വീണുപോകുമെന്നറിയാത്തവ.
എത്ര രക്തശൂന്യമായ മരണം, വെറും പച്ച.

– സച്ചിദാനന്ദൻ

19. പച്ചവിരലുകളായി അവതരിപ്പിച്ചിരിക്കുന്നത് എന്തിനെയാണ് ?

20. മുരിങ്ങപ്പൂക്കൾ പെരുകുമ്പോൾ നക്ഷത്രങ്ങൾ മാനത്തുണ്ടോ എന്നു നോക്കുന്നത് എന്തുകൊണ്ടാണ് ?

21. മുരിങ്ങയിലയുടെ പച്ചപ്പ് പിന്നെ കാശിയിലാണ് കണ്ടത് എന്നു പറയുന്നതിന്റെ കാരണമെന്താവാം ?

**22 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ ഉത്തരം എഴുതുക. 8 സ്കോർ വീതം.** **(സ്കോർസ് : 2 × 8 = 16)**

22. സഹോദരൻ എന്ന നിലയ്ക്ക് വിഭീഷണന്റെയും രാജാവെന്ന നിലയ്ക്ക് രാവണന്റെയും സ്വഭാവവൈശിഷ്ട്യം 'വിഭീഷണഹിതോപദേശ'ത്തിൽ തെളിഞ്ഞുകാണുന്നുണ്ടോ ? വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

23. ധൃതരാഷ്ട്രർ, ദുര്യോധനൻ, ദുർജ്ജയൻ എന്നിവരിലൂടെ പിതൃപുത്രബന്ധത്തിന്റെ ശക്തിയും സൗന്ദര്യവും ദുരന്തശോഭയോടെ ഭാസൻ അവതരിപ്പിക്കുന്നതാണ് 'ഊരുഭംഗം' നാടകത്തിൽ നാം കാണുന്നത്. – നിരൂപണം ചെയ്യുക.

24. മലയാളത്തിൽ ഒരു തനതു നാടകവേദിയുടെ സാധ്യതയുണ്ടോ ? ഈ വിഷയത്തിൽ നടക്കുന്ന ചർച്ചയിൽ അവതരിപ്പിക്കുന്നതിന് ഒരു കുറിപ്പ് തയ്യാറാക്കുക.